# യുഎഇ പ്രസിഡന്റുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ഫെബ്രുവരി 13, 2024

ഔദ്യോഗിക യുഎഇ സന്ദർശനത്തിനായി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി അബുദാബിയിൽ എത്തി. യുഎഇ പ്രസിഡന്റ് ഷെയ്ക്ക് മുഹമ്മദ് ബിൻ സയെദ് അൽ നഹ്യാന്റെ നേതൃത്വത്തിൽ വിമാനത്താവളത്തിൽ അദ്ദേഹത്തിന് ഊഷ്മളമായ സ്വീകരണമാണ് ലഭിച്ചത്, തുടർന്ന് ആചാരപരമായ വരവേൽപ്പും നൽകി.

2. ഇരു നേതാക്കളും ഒറ്റയ്ക്കും പ്രതിനിധി തലത്തിലും കൂടിയാലോചനകൾ നടന്നു. ഇരു നേതാക്കളും ഉഭയകക്ഷി പങ്കാളിത്തം അവലോകനം ചെയ്യുകയും സഹകരണത്തിന്റെ പുതിയ മേഖലകൾ ചർച്ച ചെയ്യുകയും ചെയ്തു. വ്യാപാരവും നിക്ഷേപവും, ഡിജിറ്റൽ അടിസ്ഥാന സൗകര്യം, ഫിൻടെക്, എനർജി, അടിസ്ഥാനസൗകര്യം, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയവ ഉൾപ്പെടെ വിവിധ മേഖലകളിലെ സമഗ്രമായ തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തമാക്കുന്നതിനെ അവർ സ്വാഗതം ചെയ്തു.

3. ഇരു നേതാക്കളുടെയും സാന്നിധ്യത്തിൽ ഇനിപ്പറയുന്ന ധാരണകളിൽ ഒപ്പുവച്ചു:

· **ഉഭയകക്ഷി നിക്ഷേപ ഉടമ്പടി:** രണ്ടു രാജ്യങ്ങളിലെയും നിക്ഷേപങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പ്രധാന ചുവടുവയ്പ്പാകും ഈ ഉടമ്പടി. യുഎഇയുമായി ഉഭയകക്ഷി നിക്ഷേപ ഉടമ്പടിയിലും സമഗ്രമായ സാമ്പത്തിക പങ്കാളിത്ത ഉടമ്പടിയിലും ഇന്ത്യ ഒപ്പുവച്ചിട്ടുണ്ട്.

· **വൈദ്യുതി ഇന്റർകണക്ഷന്റെയും വ്യാപാരത്തിന്റെയും മേഖലയിലെ സഹകരണം സംബന്ധിച്ച ധാരണാപത്രം:** ഊർജ്ജ സുരക്ഷയും ഊർജ്ജ വ്യാപാരവും ഉൾപ്പെടെ ഊർജ മേഖലയിൽ സഹകരണത്തിന്റെ പുതിയ മേഖലകൾ ഇത് തുറക്കുന്നു.

· **ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴിയുടെ ശാക്തീകരണത്തിനും പ്രവർത്തനത്തിനുമുള്ള സഹകരണം സംബന്ധിച്ച സർക്കാരുകൾ തമ്മിലുള്ള ഫ്രെയിംവർക്ക് ഉടമ്പടി:** ഇത് ഈ വിഷയത്തിൽ മുൻകാല ധാരണകളും സഹകരണവും വളർത്തുകയും പ്രാദേശിക കണക്റ്റിവിറ്റി ദൃഢമാക്കിക്കൊണ്ട്

ഇന്ത്യയും യുഎഇയും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുകയും ചെയ്യും.

· **ഡിജിറ്റൽ അടിസ്ഥാനസൗകര്യ പദ്ധതികളിലെ സഹകരണം സംബന്ധിച്ച ധാരണാപത്രം:** ഇത് ഡിജിറ്റൽ അടിസ്ഥാനസൗകര്യ മേഖലയിലെ നിക്ഷേപ സഹകരണം ഉൾപ്പെടെ വിപുലമായ സഹകരണത്തിനുള്ള ഒരു ചട്ടക്കൂട് സൃഷ്ടിക്കുകയും സാങ്കേതിക പരിജ്ഞാനം, നൈപുണ്യങ്ങൾ, വൈദഗ്ധ്യം എന്നിവ പങ്കിടാൻ സൗകര്യമൊരുക്കുകയും ചെയ്യും.

· **യുഎഇയിലെ നാഷണൽ ലൈബ്രറിയും ആർക്കൈവ്സും നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യയും തമ്മിലുള്ള സഹകരണ പ്രോട്ടോക്കോൾ:** ഈ പ്രോട്ടോക്കോൾ ഈ മേഖലയിൽ ആർക്കൈവൽ സാമഗ്രികളുടെ പുനഃസ്ഥാപനവും സംരക്ഷണവും ഉൾപ്പെടെ വിപുലമായ ഉഭയകക്ഷി സഹകരണത്തിന് രൂപം നൽകും.

· **നാഷണൽ മാരിടൈം ഹെറിറ്റേജ് കോംപ്ലക്സ് (NMHC) വികസിപ്പിക്കുന്നതിനുള്ള ധാരണാപത്രം:** ഗുജറാത്തിലെ ലോതലിലുള്ള മാരിടൈം ഹെറിറ്റേജ് കോംപ്ലക്സിന്റെ പിന്തുണയ്ക്കൽ ലക്ഷ്യമിട്ടുള്ള ഇത് ഇരു രാജ്യങ്ങളും തമ്മിലുള്ള ഇടപെടലിനെ പ്രോത്സാഹിപ്പിക്കും.

· **തൽക്ഷണ പേയ്മെന്റ് പ്ലാറ്റ്ഫോമുകളായ UPI (ഇന്ത്യ), AANI (യുഎഇ) എന്നിവയുടെ പരസ്പരമുള്ള ബന്ധിപ്പിക്കൽ സംബന്ധിച്ച ഉടമ്പടി:** ഇത് ഇരു രാജ്യങ്ങളും തമ്മിലുള്ള ഇടപാടുകൾ സുഗമമാക്കാൻ സൗകര്യമൊരുക്കും. കഴിഞ്ഞ വർഷം ജൂലൈയിൽ പ്രധാനമന്ത്രിയുടെ അബുദാബി സന്ദർശന വേളയിൽ ഒപ്പുവെച്ച പേയ്മെന്റ്, മെസേജിംഗ് സംവിധാനങ്ങളുടെ ഇന്റർലിങ്കിംഗ് സംബന്ധിച്ച ധാരണാപത്രത്തെ തുടർന്നാണിത്.

· **ആഭ്യന്തര ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ പരസ്പരം ബന്ധിപ്പിക്കുന്നത് സംബന്ധിച്ച ഉടമ്പടി - ജയ്വാനുമായി (യുഎഇ) റുപ്പെ (ഇന്ത്യ):** സാമ്പത്തിക മേഖലലയിലെ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവെപ്പായ ഇത് യുഎഇയിലുടനീളം റുപ്പെയുടെ സാർവത്രിക സ്വീകാര്യത വർദ്ധിപ്പിക്കും.

4. ഡിജിറ്റൽ റുപ്പെ ക്രെഡിറ്റ്, ഡെബിറ്റ് കാർഡ് സ്റ്റാക്കിനെ അടിസ്ഥാനമാക്കി യുഎഇയുടെ ആഭ്യന്തര കാർഡായ JAYWAN പുറത്തിറക്കിയതിൽ പ്രസിഡന്റ് ഷെയ്ക്ക് മുഹമ്മദ് ബിൻ സയെദ്

അൽ നഹ്യാനെ പ്രധാനമന്ത്രി അഭിനന്ദിച്ചു. JAYWAN കാർഡ് ഉപയോഗിച്ച് ഒരു ഇടപാടാണ് നടത്തുന്നത് നേതാക്കൾ നേരിട്ട് വീക്ഷിച്ചു.

5. ഊർജ്ജ രംഗത്തെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചും നേതാക്കൾ ചർച്ച ചെയ്തു. ക്രൂഡോയിലിനും എൽപിജിക്കുമായി ഇന്ത്യ ഏറ്റവുമധികം ആശ്രയിക്കുന്ന രാജ്യങ്ങളിൽ ഒന്നായ യുഎഇയുമായി എൽഎൻജിക്കായി ദീർഘകാല കരാറുകളിൽ ഏർപ്പെടുന്നതിനെയും നേതാക്കൾ സ്വാഗതം ചെയ്തു.

6. സന്ദർശനത്തിന് മുന്നോടിയായി, RITES ലിമിറ്റഡ്, അബുദാബി പോർട്സ് കമ്പനിയുമായും ഗുജറാത്ത് മാരിടൈം ബോർഡ്, അബുദാബി പോർട്സ് കമ്പനിയുമായും ഉടമ്പടിയിൽ ഒപ്പുവച്ചു. തുറമുഖ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഇരുരാജ്യങ്ങളും തമ്മിലുള്ള കണക്റ്റിവിറ്റി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഇവ സഹായിക്കും.

7. അബുദാബിയിൽ ബാപ്സ് ക്ഷേത്രം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചതിൽ വ്യക്തിപരമായ പിന്തുണയ്ക്കും മഹാമനസ്കതയ്ക്കും പ്രസിഡന്റ് ഷെയ്ക്ക് മുഹമ്മദ് ബിൻ സായെദ് അൽ നഹ്യാനോട് പ്രധാനമന്ത്രി നന്ദി പറഞ്ഞു. യുഎഇ-ഇന്ത്യ സൗഹൃദത്തിന്റെയും ആഴത്തിലുള്ള സാംസ്കാരിക ബന്ധങ്ങളുടെയും ആഘോഷമാണ് ബാപ്സ് ക്ഷേത്രം, ഐക്യത്തിനും സഹിഷ്ണുതയ്ക്കും സമാധാനപരമായ സഹവർത്തിത്വത്തിനുമുള്ള യുഎഇയുടെ ആഗോള പ്രതിബദ്ധതയുടെ പ്രതിഫലനമാണിതെന്ന് ഇരു വിഭാഗവും അഭിപ്രായപ്പെട്ടു.

**അബുദാബി**
**ഫെബ്രുവരി 13, 2024**